Draft #1 of File 11001/AcB1/2/2019 Approved by ASSISTANT REGISTRAR I ACADEMIC on 03-Apr-2019 02:03 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനം -സെലക്ഷൻ കമ്മിറ്റിയിലേക്ക് വിഷയവിദഗ്ധരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റിയൂട്ട് 1997 അദ്ധ്യായം 45 ഭാഗം ബി യിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കിയത് -മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 III.10 (17 ) വകുപ്പ് പ്രകാരം വൈസ് ചാൻസലരുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിന്റിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തത് - അംഗീകരിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 1443/AC B 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.04.2019

---

പരാമർശം:-1.)17/ 07/2018,15/10/2018,22/10/2018 & 29/11/2018 തീയതികളിലെ യഥാക്രമം WP(C)16612/2018,WP(C)28212/2018,WP(C)32405/2018 & WP(C)37851/2018.കേസുകളിന്മേലുള്ള ബഹു.കേരള ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിന്യായം.

2 .)19/12/2018ൽ ചേർന്ന അപ്രൂവൽ സംബന്ധിച്ച സിൻഡിക്കറ്റ് ഉപസമിതി യോഗം - നടപടിക്രമം ഇനം നമ്പർ 186911

3 ) യു. ഓ.നം 163 /ബി 1 /അക്കാദമിക് / 2019 തീയതി 05 / 01 / 2019 സർവ്വകലാശാല ഉത്തരവ്

4 )18 / 03 / 2019 തീയതിയിൽ ചേർന്ന സിൻഡിക്കറ്റ് യോഗത്തിന്റെ മിനിട്സ് (19 .02 ) ഇനം നമ്പർ :06/19.02/190091

**ഉത്തരവ്**

23 .02 .2016 തീയതിയിലെ ബഹു.കേരള ഹൈക്കോടതി ഫുൾബെഞ്ച് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ,മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് യു ജി സി റെഗുലേഷൻസ് 2010 നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

ടി ഉത്തരവിനെതിരെ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതാനും കോളേജുകൾ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ നികത്തുന്നതിനുള്ള തെരഞ്ഞെടുപ്പ് സമിതി ,സർവ്വകലാശാല ആക്ടിലെയും

സ്റ്റാറ്റിയൂട്ടിലെയും വ്യവസ്ഥകൾക്ക് വിധേയമായി രൂപീകരിക്കണമെന്ന് പരാമർശം (1)പ്രകാരമുള്ള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ച അപ്രൂവൽ സംബന്ധിച്ച സിൻഡിക്കറ്റ് ഉപസമിതി,പരാമർശം (2 )പ്രകാരം , സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിനുള്ള സെലക്ഷൻ കമ്മിറ്റി മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റിയൂട്ട് 1997 അദ്ധ്യായം 45 ഭാഗം ബി അനുസരിച്ച് രൂപീകരിക്കുന്നതിന് ശുപാർശ ചെയ്തു. ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 III.10(17)വകുപ്പ് പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രഫസർ അംഗീകരിച്ച് പരാമർശം (3)-ൽ സൂചിപ്പിച്ചിട്ടുള്ള സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III.10(17)വകുപ്പ് പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 05.01.2019 -ലെ 163 / ബി 1 /അക്കാദമിക് / 2019 നമ്പർ സർവ്വകലാശാലാ ഉത്തരവും പരാമർശം(4 )പ്രകാരം സിൻഡിക്കറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

സുകുമാരൻ .റ്റി. ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി

2 .രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി എ

3 എ സി സി 1 / 2 സെക്ഷൻ

4 .ഐ ക്യൂ എ സി / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

5 .റെക്കോർഡ്സ്

6 .കരുതൽ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 11001/AcB1/2/2019 Approved by ASSISTANT REGISTRAR I ACADEMIC on 03-Apr-2019 02:03 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം